"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- തുറവൂർ ഗ്രാമപഞ്ചായത്ത്- ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക3.1 - പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം.1040/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/06/2020

---

പരാമർശം:- 1 തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/02/2018 ലെ സി 3/6520/13 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 25/01/2019 ലെ PAN/27146/18/M3(DP) നമ്പർ കത്ത്

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/11/2019ലെ ഡി.കെ.എസ്.എ/1372/19 പി.റ്റി1 നമ്പർ കത്ത്.

**ഉത്തരവ്**

തുറവൂർ ഗ്രാമപഞ്ചായത്ത് 2013-14വർഷം 1,51,800-/ രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയ പദ്ധതി മാർഗ്ഗ രേഖകൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ച് ടി പഞ്ചായത്തിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം ചെലവ് തുക തടസ്സപ്പെടുത്തിയിരുന്നു. 16/11/2013 ലെ സ.ഉ(എം.എസ്) നമ്പർ 362/2013/തസ്വഭവ പ്രകാരം 2013-14 അധ്യയന വർഷം മുതൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം അധികൃതർ മുഖേന വിതരണം ചെയ്യണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും ഇതിനു വിരുദ്ധമായി 7 , 8 , 9 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തതിനാലാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്.

2 . തുറവൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട ജനങ്ങളും അധിവസിക്കുന്നത് പൊതുഗതാഗതം വളരെയധികം കുറവായ പൊക്കാളി പാടശേഖരങ്ങളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലാണെന്നും ഭൂരിപക്ഷം കുട്ടികളും പഠനം നടത്തുന്നത് പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിലായതിനാൽ കുട്ടികൾക്ക് കൃത്യസമയത്ത് സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരുന്നതെന്നും ഈ പദ്ധതിയിലൂടെ യാത്ര സൗകര്യം ലഭിച്ചതിനാൽ സ്കൂളിൽ എത്തിച്ചേരുന്നതിന് കുട്ടികളനുഭവിച്ചിരുന്ന മാനസിക സംഘർഷം മാറ്റുവാനും അവരുടെ ആരോഗ്യം, വിദ്യാഭ്യാസ നിലവാരം എന്നിവ ഉയർത്തുവാനും കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ മേൽ പദ്ധതിക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ഗ്രാമപഞ്ചായത്ത് സമിതിയുടെ 29/01/2018 ലെ 15(23)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 11/04/2018 -ലെ IX നമ്പർ തീരുമാനം എന്നിവ സഹിതം അനുകൂലശിപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 2 ) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

3. തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 ലെ സമാന

വിഷയത്തിൽ മുമ്പ് സാധൂകരണം നൽകിയിട്ടുള്ളതാണെന്നും നിലവിൽ 03/04/2017 ലെ സ.ഉ(എം.എസ്) നം.80/17/തസ്വഭവ പ്രകാരം 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തടസ്സമില്ലെന്നും. തുറവൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29/01/2018 ലെ 15(23)-ാം നമ്പർ തീരുമാനം, 11.4.2018-ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ IX-ാം നമ്പർ ശുപാർശ എന്നിവ പരിഗണിച്ച് തുറവൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ, പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണ പദ്ധതിയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായം ഇല്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടി ആവിഷ്കരിച്ച പ്രോജക്ട് ആയതിനാലും ഇത്തരം പദ്ധതികൾ മുമ്പ് സാധൂകരിച്ചിട്ടുള്ള കീഴ്‌വഴക്കം കണക്കിലെടുത്തും ഓഡിറ്റ് ഡയറക്ടർ, ജില്ലാ മോണിറ്ററിംഗ് സമിതി എന്നിവരുടെ ശിപാർശ പരിഗണിച്ചും തുറവൂർ ഗ്രാമപഞ്ചായത്ത് 2013-14 വർഷം 1,51,800/-രൂപ (ഒരു ലക്ഷത്തി അൻമ്പത്തൊന്നായിരത്തിഎണ്ണൂറ് രൂപ മാത്രം) ചെലവഴിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയ പദ്ധതിക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ